**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127** **11-10-2024 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ വി കെ പ്രശാന്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലെ സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; | (എ) | 2024-25 അക്കാദമിക വർഷം ജൂലൈ 1 മുതൽ കേരള, എം.ജി., കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളിലെ അഫിലിയേറ്റഡ് കോളേജുകളിലും സർവ്വകലാശാല കാമ്പസുകളിലും ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, എന്നീ സർവ്വകലാശാലകളിലും നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചു. ശ്രീനാരായണ ഓപ്പൺ സർവ്വകലാശാല കോഴ്സുകളും FYUGP അടിസ്ഥാനത്തിൽ പുന:സംഘടിപ്പിച്ചിട്ടുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട്, FYUGP റെഗുലേഷൻ, പുതിയ സിലബസ് എന്നിവ വിവിധ സർവ്വകലാശാലകളിൽ രൂപകൽപന ചെയ്തു നടപ്പിലാക്കി വരുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകുന്ന പരിശീലന പരിപാടികൾ (Master Trainers Workshops), FYUGP കോ-ഓർഡിനേറ്റർമാർ, കോളേജ് അദ്ധ്യാപകർ എന്നിവർക്കുള്ള ജില്ലാതല ഓറിയെന്റേഷൻ പരിപാടികൾ, പ്ലസ് ടു വിദ്യാർത്ഥികൾക്കും പൊതു ജനങ്ങൾക്കുമുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിനു പുറമേ, ഫൗണ്ടേഷൻ കോഴ്സുകൾക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ (Foundation Courses for Undergraduate General Programs, Foundations of Knowledge and Inquiry Across Disciplines) ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾ, കോളേജ് തല സമിതികൾ, പൊതുജനങ്ങൾ എന്നിവർക്ക് FYUGP Hand Book-കൾ കൗൺസിൽ പ്രസിദ്ധീകരിച്ചു. |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലകൾ വിവിധ കോഴ്സുകളുടെ കോഴ്സ് ബാസ്കറ്റുകൾ പ്രസിദ്ധീകരിച്ചു. നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ കൃത്യമായ നടത്തിപ്പിന് ആവശ്യമായ പൊതു അക്കാദമിക-പരീക്ഷ കലണ്ടറുകളുടെ അടിസ്ഥാനത്തിൽ പഠന-പരീക്ഷാ നടപടികൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫല പ്രസിദ്ധീകരണവും സർട്ടിഫിക്കറ്റ് വിതരണവും വരെ ക്രമപ്പെടുത്തുന്നതിനാവശ്യമായ കമ്പ്യൂട്ടർ അധിഷ്ഠിത 'കെ-റീപ്' സംവിധാനം പ്രവർത്തനക്ഷമമാക്കി വരുന്നു. നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ആദ്യ ബാച്ചിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ നവംബർ ആദ്യവാരം ആരംഭിക്കാനുള്ള തയ്യാറെടുപ്പിലാണ് സംസ്ഥാന സർവ്വകലാശാലകളും കോളേജുകളും. |
| (ബി) | പ്രസ്തുത പ്രോഗ്രാമുകളുടെ കരിക്കുലം അനുസരിച്ച് എന്തെല്ലാം അവസരങ്ങളാണ് വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നതെന്നു വിശദമാക്കുമോ; | (ബി) | വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനുമുള്ള തരത്തിലാണ് കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകൽപന ചെയ്തിരിക്കുന്നത്. പ്രധാന വിഷയമായ മേജർ കോഴ്സുകൾ, അനുബന്ധ വിഷയങ്ങളായ മൈനർ കോഴ്സുകൾ, ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായി ഭാഷാ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ, വിവിധ വിഷയങ്ങൾ പഠിക്കുന്നതിനുള്ള മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ, അദ്ധ്യാപകർക്ക് സ്വയമേവ തയ്യാറാക്കി നൽകാവുന്ന സിഗ്നേച്ചർ കോഴ്സുകൾ എന്നീ ഘടകങ്ങളും, പ്രായോഗിക പരിശീലനത്തിന് പ്രാധാന്യം നൽകുന്ന ഇന്റേൺഷിപ്പ്, പ്രോജക്ട് എന്നിവയും പുതിയ ബിരുദ കരിക്കുലത്തിന്റെ ഭാഗമാണ്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകൽപന ചെയ്തിരിക്കുന്നത്. അതുകൊണ്ട് തന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർ നാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും. നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി ഉന്നത |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസത്തിലേക്ക് നൈപുണീയത സമന്വയിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ പഠിക്കുന്ന തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ മൈനർ പാത്ത് വേയുടെ ഭാഗമാക്കാനും സാധിക്കും. (ഉദാഹരണത്തിന് ഫിസിക്സിനോടൊപ്പം ഡേറ്റാ അനലിറ്റിക്സ്, കൊമേഴ്സിനോടൊപ്പം ഫിനാൻഷ്യൽ ടെക്നോളജി, കമ്പ്യൂട്ടർ സയൻസിനോടൊപ്പം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇംഗ്ലീഷിനോടൊപ്പം ഡിജിറ്റൽ മീഡിയ തുടങ്ങി നിരവധി തൊഴിലധിഷ്ഠിത മൈനർ കോഴ്സുകൾ തെരഞ്ഞെടുക്കാവുന്നതാണ്). സ്കിൽ കോഴ്സുകൾ പ്രദാനം ചെയ്യുന്നതിന് അസാപ് കേരള, കെൽട്രോൺ, IHRD, ICT അക്കാഡമി ഓഫ് കേരള എന്നീ സ്ഥാപനങ്ങളുടെ കോഴ്സുകൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പഠിക്കുന്ന കോളേജിൽ അത്തരം കോഴ്സുകൾ ലഭ്യമല്ലെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെ നൈപുണ്യ വികസന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ടോ ഓൺലൈനായോ വിദ്യാർത്ഥിക്ക് വൊക്കേഷണൽ കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കാം.<br><br>നാലുവർഷ ബിരുദ പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് ഗവേഷണ രംഗത്ത് കടന്നുവരാനുള്ള ബി.എ./ ബി.എസ്.സി. (ഓണേഴ്സ് വിത്ത് റിസർച്ച്) എന്നീ പഠന പന്ഥാവുകൾ (path ways) ലഭ്യമാണ്. നാലുവർഷ ബിരുദം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷ പഠനം കൊണ്ട് പി.ജി. വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയും. FYUGP ലെ മൈനർ കോഴ്സുകൾ മുഖ്യവിഷയമായെടുത്ത വിദ്യാർത്ഥികൾക്ക് പി.ജി. പ്രോഗ്രാമുകൾ ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. നാലുവർഷ ബിരുദം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് UGC-PhD-NET പരീക്ഷ എഴുതാനുള്ള അനുമതി യു.ജി.സി നൽകിയിട്ടുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാം പൂർത്തിയാക്കിയ എല്ലാവർക്കും നേരിട്ട് നിബന്ധനകൾക്ക് വിധേയമായി പി.എച്ച്.ഡി ഗവേഷണത്തിന് യോഗ്യത ലഭിക്കുന്നു. |
| (സി) | ബിരുദ പ്രോഗ്രാമുകൾ പൂർണമായും നാലുവർഷ ഘടനയിലേക്ക് മാറുന്നതോടെ എന്തെല്ലാം നേട്ടങ്ങളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതീക്ഷിക്കുന്നത് എന്നറിയിക്കുമോ? | (സി) | (ബി)-യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ